## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ. 1855

15.07.2016-ൽ മറുപടിയ്ക്ക്

## കോടതിനടപടികളിലെ കാലതാമസം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ കോടതികളിൽ കെട്ടികിടക്കുന്ന കേസുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ ; | (എ) ഉണ്ട്. |
| (ബി) സംസ്ഥാനത്തെ ഓരോ കോടതികളിലും ഓരോ ന്യായാധിപൻമാരും തീർപ്പാക്കുന്ന കേസുകളെ സംബന്ധിച്ച് കൃത്യമായ അവലോകനം നടത്താറുണ്ടോയെന്നു വ്യക്തമാക്കാമോ ; | (ബി) കോടതികളുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനായി ഹൈക്കോടതിയിൽ Monitoring Mechanism നിലവിലുണ്ട്. |
| (സി) കേസുകൾ തീർപ്പാക്കുന്നതിലെ കാലതാമസം മൂലം നീതി ലഭിക്കാൻ വൈകുന്ന സാഹചര്യവും അതു മൂലം സാമൂഹികമായി ഉണ്ടാകുന്ന പ്രത്യാഘാതവും ഓരോ കേസുകളിലും പ്രത്യേകമായി വിലയിരുത്തുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ എന്നു വ്യക്തമാക്കാമോ ; | (സി) ഇത്തരത്തിൽ ഒരു സംവിധാനം സർക്കാർ തലത്തിൽ നിലവിലില്ല. |
| (ഡി) കോടതി നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതിനും അർഹതപ്പെട്ട നീതി ഏറ്റവും വേഗത്തിൽ ലഭ്യമാക്കുന്നതിനും ആവശ്യമായ മാറ്റങ്ങൾ കൊണ്ടു വരുന്ന കാര്യം പരിഗണനയിലുണ്ടോ എന്നു വ്യക്തമാക്കാമോ ? | (ഡി) വിവിധ മേഖലയിലെ കെട്ടികിടക്കുന്ന കേസുകൾ എളുപ്പത്തിൽ തീർപ്പാക്കുന്നതിനായി കാലാകാലങ്ങളിൽ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നുണ്ട്. കൂടാതെ, 2016-ൽ കൂടിയ ചീഫ് ജസ്റ്റിസുമാരുടെ കോൺഫറൻസിലെ |

നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 5 വർഷത്തിൽ കൂടുതൽ പഴക്കമുള്ള കേസുകൾ 2016-ൽ തന്നെ തീർപ്പാക്കുന്നതിനുള്ള നടപടികൾ ഹൈക്കോടതിയിൽ സ്വീകരിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ